**പതിനഞ്ചാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3844 — 15.07.2022 ൽ മറുപടിക്ക്

**ആർദ്രം പദ്ധതി**

| ചോദ്യം<br><br>ശ്രീ ഇ ചന്ദ്രശേഖരൻ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ആർദ്രം ഒന്നാം ഘട്ടം**<br><br>ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്താൻ തിരഞ്ഞെടുക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനം, ലാബ് സൗകര്യം എന്നീ സേവനങ്ങൾ നൽകിയും ഇവിടങ്ങളിൽ സ്റ്റാഫ് നേഴ്സ്-2, അസിസ്റ്റന്റ് സർജൻ-1, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകളും സൃഷ്ടിച്ച് നിലവിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയാണ്.<br><br>**ആർദ്രം രണ്ടാം ഘട്ടം**<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉർത്താൻ തിരഞ്ഞെടുക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ, ലാബ് സൗകര്യം, രോഗീ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനങ്ങൾ എന്നിവ വർദ്ധിപ്പിച്ച് ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയാണ്.<br><br>ഇതിനായി അജാനൂർ, മടിക്കൈ, ആനന്ദാശ്രമം എന്നീ കുടുംബാരോഗ്യ |

കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് സർജൻ-1. സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ -1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്

**<u>ആർദ്രം മൂന്നാം ഘട്ടം</u>**

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനങ്ങൾ എന്നിവ വർദ്ധിപ്പിച്ച്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിലേയ്ക്കായിട്ടുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒ.പി. രജിസ്ട്രേഷൻ, ഫാർമസി, ബ്ലോക്ക് നവീകരണം, രോഗീ സൗഹൃദ സംവിധാനങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| കൺസൾട്ടന്റ് ഓർത്തോപീഡിക്സ് | 1 |
| ജൂനിയർ കൺസൾട്ടന്റ് റെസ്പിറേറ്ററി മെഡിസിൻ | 1 |
| ജൂനിയർ കൺസൾട്ടന്റ് ഡെന്റൽ | 1 |
| ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രി | 1 |
| ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| ഇ.സി.ജി ടെക്നീഷ്യൻ | 1 |
| ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| റേഡിയോഗ്രാഫർ ഗ്രേഡ് 2 | 1 |
| എക്സ്റേ അറ്റൻഡർ | 1 |
| മെഡിക്കൽ റിക്കോർഡ് അറ്റൻർ | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് 2 | 2 |
| ആകെ | 17 |

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലത്തിലും ഒന്ന് വീതം ഐസലോഷൻ വാർഡ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും പൂടംകല്ല് (പാണത്തടി) താലൂക്ക് ആശുപത്രിയെ തിരഞ്ഞെടുത്തിരിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്ക് KMSCL -നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടും, കിഫ്ബി ഫണ്ടും ആണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ആർദ്രം പദ്ധതിയുടെ ഭാഗമായി പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക് | -1 |
| ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | -1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | -4 |
| ആകെ | 6 |

ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി 20.03.2020 ലെ സ.ഉ.(ആർ.റ്റി.) നം. 619/2020/ആ.കു.വ. പ്രകാരം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തേയും, 01.08.2021 ലെ സ.ഉ. (ആർ.ടി.) നം. 1633/2021/ആ.കു.വ. പ്രകാരം വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും തിരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴര ലക്ഷം രൂപ മാത്രം) എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | കുടുംബാരോഗ്യ ഉപകേന്ദ്രത്തെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളായി ഉയർത്തിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | സ്ഥാപനം | പ്രവൃത്തി | | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കുടുംബാരോഗ്യ ഉപകേന്ദ്രം ചാമുണ്ഡിക്കുന്ന് | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | ഒന്നാം ഘട്ടം | പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 2 | കുടുംബാരോഗ്യ ഉപകേന്ദ്രം കൊളവയൽ | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | ഒന്നാം ഘട്ടം | പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 3 | കുടുംബാരോഗ്യ ഉപകേന്ദ്രം മാവുങ്കാൽ | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | ഒന്നാം ഘട്ടം | പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 4 | കുടുംബാരോഗ്യ ഉപകേന്ദ്രം മടിക്കൈ | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | ഒന്നാം ഘട്ടം | പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 5 | കുടുംബാരോഗ്യ ഉപകേന്ദ്രം പടിമരുത് | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | ഒന്നാം ഘട്ടം | പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 6 | കുടുംബാരോഗ്യ ഉപകേന്ദ്രം ചോയ്യംകോട് | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | ഒന്നാം ഘട്ടം | പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 7 | കുടുംബാരോഗ്യ ഉപകേന്ദ്രം ബ്ളാൽ | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | രണ്ടാം ഘട്ടം | പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു |
| 8 | കുടുംബാരോഗ്യ ഉപകേന്ദ്രം ബാനം | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | രണ്ടാം ഘട്ടം | പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു |
| 9 | കുടുംബാരോഗ്യ ഉപകേന്ദ്രം പനത്തടി | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | രണ്ടാം ഘട്ടം | പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു |
| 10 | കുടുംബാരോഗ്യ ഉപകേന്ദ്രം | കുടുംബാരോഗ്യ | രണ്ടാം ഘട്ടം | പ്രവർത്തിയുടെ ടെൻഡർ |

| | | | | |
|---|---|---|---|---|
| | പ്രാന്തർകാവ് | ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | | നടപടികൾ പുരോഗമിച്ച് വരുന്നു |
| 11 | കുടുംബാരോഗ്യ ഉപകേന്ദ്രം ബിരിക്കുളം | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | രണ്ടാം ഘട്ടം | പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു |
| 12 | കുടുംബാരോഗ്യ ഉപകേന്ദ്രം മരക്കാപ്പ് കടപ്പുറം | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 13 | കുടുംബാരോഗ്യ ഉപകേന്ദ്രം അരയി | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 14 | കുടുംബാരോഗ്യ ഉപകേന്ദ്രം ചിത്താരി | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 15 | കുടുംബാരോഗ്യ ഉപകേന്ദ്രം ബെള്ളിക്കോത്ത് | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 16 | കുടുംബാരോഗ്യ ഉപകേന്ദ്രം കൊട്ടോടി | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 17 | കുടുംബാരോഗ്യ ഉപകേന്ദ്രം പാലാംകല്ല് | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 18 | കുടുംബാരോഗ്യ ഉപകേന്ദ്രം ബങ്കളം | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 19 | കുടുംബാരോഗ്യ ഉപകേന്ദ്രം കോടോം | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 20 | കുടുംബാരോഗ്യ ഉപകേന്ദ്രം | കുടുംബാരോഗ്യ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ |

| | | | | |
|---|---|---|---|---|
| | കനകപ്പള്ളി | ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | | പുരോഗമിക്കുന്നു |
| 21 | കുടുംബാരോഗ്യ ഉപകേന്ദ്രം മാലോം | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |
| 22 | കുടുംബാരോഗ്യ ഉപകേന്ദ്രം പരപ്പ | കുടുംബാരോഗ്യ ഉപകേന്ദ്രത്തിനെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി ഉയർത്തൽ | മൂന്നാം ഘട്ടം | വർക്ക്അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു |

Hari

സെക്ഷൻ ഓഫീസർ